## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.289      28.10.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഒറ്റപ്പാലം മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 1/06/2016 മുതൽ 31/08/2019 വരെയുള്ള കാലയളവിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ)<br>&<br>(ബി) | **ആരോഗ്യ വകുപ്പ്**<br>2017-2018 ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിന് പ്ലാൻ ഫണ്ടിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 8,10,000/- രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>2018-2019 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ പേരൂർ, പൂക്കോട്ടുകാവ്, എലമ്പുലാശ്ശേരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂക്കോട്ടുകാവ് പി.എച്ച്.സി-ക്ക് 14 ലക്ഷം രൂപയും, പേരൂർ, എലമ്പുലാശ്ശേരി എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ഈ മൂന്ന് സ്ഥാപനങ്ങളിലും ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഈ കാലയളവിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് 9 കിടക്കയിൽ നിന്ന് 19 കിടക്കയാക്കുകയും, 2 ഷിഫ്റ്റ് എന്നത് 4 ഷിഫ്റ്റ് ആക്കി മാറ്റി. കൂടാതെ ഡേ കെയർ, കീമോ തെറാപ്പി യൂണിറ്റ്, കണ്ണിന്റെ ശസ്ത്രക്രിയ വിഭാഗം എന്നിവ ആരംഭിച്ചു. ട്രോമാ കെയർ, ഡി-അഡിക്ഷൻ സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബ്രോങ്കോസ്കോപ്പി സ്ഥാപിച്ചു. അപ്പർ ജി.ഐ.എൻഡോസ്കോപ്പി വാങ്ങുന്നതിനുള്ള |

നടപടികൾ ആരംഭിച്ചു വരുന്നു. രോഗീസൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കുന്നതിനായി താലൂക്ക് ആശുപത്രി, ഒറ്റപ്പാലത്തിനായി 95.23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 02.06.2017-ലെ സ.ഉ(സാധാ) 1571/2017/ആ.കു.വ പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചു. ഈ തുകയിൽ 37, 94,727/- രൂപ പ്ലാന്റ് നിർമ്മാണത്തിനായി ചെലവഴിച്ചു.

ആരോഗ്യ മേഖലയിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**<u>നാഷണൽ ആയുഷ് മിഷൻ</u>**

നാഷണൽ ആയുഷ്മിഷൻ മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ:-

1. ആയുഷ് ഗ്രാമം പദ്ധതി : ആയുർവേദത്തിൽ അധിഷ്ഠിതമായി ആരോഗ്യ ശീലങ്ങൾ പ്രചരിപ്പിക്കുക, പകർച്ചവ്യാധി പ്രതിരോധം, ജീവിത ശൈലീരോഗ പ്രതിരോധം എന്നിവയിലൂന്നിയ പ്രവർത്തനങ്ങൾ നടത്തുക, യോഗ, ഔഷധസസ്യ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് വേണ്ടി ആരംഭിച്ച പ്രോജക്ട്.

2. 2017-18 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആക്ഷൻ പ്ലാൻ മുഖേന ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ ഒരു ആയുർവേദ മെഡിക്കൽ ഓഫീസറുടെയും ആയുർവേദ തെറാപ്പിസ്റ്റിന്റെയും തസ്തിക (കരാറടിസ്ഥാനത്തിൽ) അനുവദിക്കുകയുണ്ടായി.

**<u>ഭാരതീയ ചികിത്സാ വകുപ്പ്</u>**

നിർമ്മാണ പ്രവർത്തനങ്ങൾ:-

01.06.2016 മുതൽ 31.08.2019 വരെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എം.എൽ.എ.ഫണ്ട്, പഞ്ചായത്ത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവകളിലായി 157 ലക്ഷം (നൂറ്റി അമ്പത്തിയേഴ് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

01.06.2016 മുതൽ 31.08.2019 വരെ ഔഷധം വാങ്ങുന്നതിന് 1,94,26,550/- രൂപ (ഒരു കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ്റി അൻപത്

രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികളുടെ വികസനം സംബന്ധിച്ച് സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും ഇനം തിരിച്ച് വിശദമാക്കാമോ?

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിക്കപ്പെട്ട തുക | ചെലവഴിക്കപ്പെട്ട തുക | അനുവദിക്കപ്പെട്ട ഫണ്ട് |
|---|---|---|---|---|
| 1 | സർക്കാർ ആയുർവേദ ആശുപത്രി ഒറ്റപ്പാലം ഒ.പി.ബ്ലോക്ക് നിർമ്മാണം | 40 ലക്ഷം | 40 ലക്ഷം | എം .എൽ. എ.ഫണ്ട് |
| 2 | സർക്കാർ ആയുർവേദ ആശുപത്രി ഒറ്റപ്പാലം - പഞ്ചകർമ്മ യൂണിറ്റ് നിർമ്മാണം | 50,000/- രൂപ | 50,000/- രൂപ | ഡിപ്പാർട്ട്മെന്റ് ഫണ്ട് |
| 3 | സർക്കാർ ആയുർവ്വേദ ആശുപത്രി ഒറ്റപ്പാലം - സ്ത്രീകളുടെ ട്രീറ്റ്മെന്റ് റൂം | 6.5 ലക്ഷം | 6.5 ലക്ഷം | ഡിപ്പാർട്ട്മെന്റ് ഫണ്ട് |
| 4 | സർക്കാർ ആയുർവ്വേദ ആശുപത്രി ഒറ്റപ്പാലം - Sump well നിർമ്മാണം | 7 ലക്ഷം | 7 ലക്ഷം | ഡിപ്പാർട്ട്മെന്റ് ഫണ്ട് |
| 5 | സർക്കാർ ആയുർവ്വേദ ആശുപത്രി ഒറ്റപ്പാലം - | 40 ലക്ഷം | 40 ലക്ഷം | ഡിപ്പാർട്ട്മെന്റ് ഫണ്ട് |

**ഹോമിയോപ്പതി വകുപ്പ്**

01.06.2016 മുതൽ 31.08.2019 വരെയുള്ള കാലയളവിൽ ഒറ്റപ്പാലം മണ്ഡലത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ , മരുന്ന് വിതരണം, മണ്ഡലത്തിലെ ലക്കിടി പേരൂർ സർക്കാർ മോഡൽ ഹോമിയോ ഡിസ്പെൻസറിയുടെ അറ്റകുറ്റപ്പണി, പ്രവർത്തനം കാര്യക്ഷമമാക്കൽ, കമ്പ്യൂട്ടർവത്ക്കരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഒറ്റപ്പാലം സർക്കാർ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന്

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിന് 6 ലക്ഷം രൂപയും കമ്പ്യൂട്ടർ വാങ്ങുന്നതിന് 58,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>➢ ലക്കിടിപേരൂർ സർക്കാർ മോഡൽ ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 20,000/- രൂപയും അറ്റകുറ്റപ്പണികൾക്കായി 10,000/- രൂപയും, മരുന്ന് വാങ്ങുന്നതിനായി 11 ലക്ഷം രൂപയും ചെലവവഴിക്കപ്പെട്ടിട്ടുണ്ട്.<br>➢ ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പൂർ, സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനും പ്രസ്തുത പ്രദേശത്ത് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമായി 6,50,000/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ